സബ്മിഷൻ

(1) ആർ.ടി.പി.സി.ആർ. ടെസ്റ്റിന് ഈടാക്കുന്ന അമിത തുക

ശ്രീ. എം. രാജഗോപാലൻ: സർ, വിമാനത്താവളങ്ങളിൽ RTPCR ടെസ്റ്റിന് അമിത തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. പ്രതിസന്ധി ഘട്ടത്തിൽ ഇതര ജനവിഭാഗങ്ങളെപ്പോലെ തന്നെ പ്രവാസി സഹോദരങ്ങളെയും ചേർത്തുപിടിക്കുന്നൊരു മുഖ്യമന്ത്രിയും സർക്കാരുമാണ് ഇവിടെയുള്ളത്. ഈ കാലയളവിൽ വിവിധ ആശ്വാസ പദ്ധതികൾ പ്രവാസി സഹോദരങ്ങൾക്കുവേണ്ടി ആവിഷ്കരിക്കാൻ എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പ്രവാസി മലയാളികളുടെ മടക്കയാത്രയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും വിവിധ ഘട്ടങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഉദാഹരണമായി വിദേശത്തുവച്ച് ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ച് നാട്ടിലെത്തിയിട്ടുള്ള പ്രവാസികൾക്ക് പ്രസ്തുത വാക്സിനുകൾ ഇന്ത്യയിൽ ലഭ്യമല്ലാത്തതുമൂലം രണ്ടാം ഡോസ് എടുക്കാൻ കഴിയാത്ത സാഹചര്യത്തിലും ഈ സർക്കാർ ഇടപെട്ടിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വാക്സിനുകൾക്ക് ചില

വിദേശരാജ്യങ്ങളിൽ അംഗീകാരമില്ലാത്തതിനാൽ മടക്കയാത്രയ്ക്ക് അനുമതി നിഷേധിക്കപ്പെട്ട സാഹചര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറായിരുന്നു. കൂടാതെ പ്രവാസി മലയാളികൾക്ക് വാക്സിനേഷന് മുൻഗണന നൽകുവാനും വാക്സിനേഷനുശേഷം ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്താനും ഈ സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. RTPCR ടെസ്റ്റിന് വിമാനത്താവളത്തിൽ അമിത ചാർജ്ജ് ഈടാക്കുന്ന പ്രശ്നം പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നിലവിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗജന്യമായും സ്വകാര്യ ആശുപത്രികളിൽ 600 രൂപ എന്ന മിതമായ നിരക്കിലുമാണ് RTPCR ടെസ്റ്റ് ലഭ്യമാക്കുന്നത്. ആ ഒരു മാതൃകയാണ് കേരള സർക്കാർ കാണിച്ചിട്ടുള്ളത്. എന്നാൽ നമ്മുടെ വിമാനത്താവളങ്ങളിൽ 3000 രൂപയിലധികം ചാർജ്ജ് ഈടാക്കുന്ന ദയനീയ സ്ഥിതിയാണ്. കൊടിയ ചൂഷണമാണ് ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന് പുറത്ത് ഇത്രയധികം തുക

ഈടാക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. മാത്രമല്ല RTPCR ടെസ്റ്റിന് വിധേയനായിട്ടുള്ളൊരു വ്യക്തിയെ വിമാനത്താവളത്തിലെത്തുമ്പോൾ വീണ്ടും RTPCR ടെസ്റ്റ് ചെയ്യുന്ന സ്ഥിതിയും ഇപ്പോൾ സംജാതമായിരിക്കുകയാണ്. ഇതിനൊരു പരിഹാരമുണ്ടാകണം. അതിനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കൂടാതെ വിമാന ടിക്കറ്റ് നിരക്ക് അഞ്ചും ആറും ഇരട്ടിയായി വർദ്ധിപ്പിച്ച് പ്രവാസികൾക്ക് താങ്ങാൻ കഴിയാത്ത വിധം വിഷമിപ്പിക്കുകയാണ്.

മി. സ്പീക്കർ: അത് വേറെ വിഷയമാണ്.

ശ്രീ. എൻ. രാജഗോപാലൻ: സർ, വിമാനത്താവളത്തിലെ കൊള്ള തുടരുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 08.09.2021-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് എയർപോർട്ടുകളിൽവച്ച് നടത്തുന്ന റാപ്പിഡ് ആർ.ടി.പി.സി.ആർ ടെസ്റ്റിന്റെ ഫീസ് 2490/ രൂപയായി നിശ്ചയിച്ചിട്ടുള്ളത്. സാധാരണ ആർ.ടി.പി.സി.ആർ ടെസ്റ്റ് റിസൽട്ടിനെ അപേക്ഷിച്ച് കേവലം ഒരു

മണിക്കൂറിനുള്ളിൽ റാപ്പിഡ് ആർ.ടി.പി.സി.ആർ ടെസ്റ്റിന്റെ റിസൽട്ട് ലഭ്യമാകുന്നു. ടെസ്റ്റിനുള്ള കാഡ്രിഡ്ജിന് ഏകദേശം 2000/ രൂപ വിലവരുന്നത് കണക്കാക്കിയാണ് ഈ ടെസ്റ്റിന്റെ ഫീസ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ ടെസ്റ്റ് കൂടാതെ, അതത് രാജ്യങ്ങളുടെ കോവിഡ് ടെസ്റ്റിംഗ് റെഗുലേറ്ററി പ്രോട്ടോക്കോളുകൾ പ്രകാരം ചെലവ് കുറഞ്ഞതോ കൂടിയതോ ആയ ടെസ്റ്റുകൾ തെരഞ്ഞെടുക്കാൻ യാത്രക്കാർക്ക് സ്വാതന്ത്ര്യമുണ്ട്. വിമാന യാത്രക്കൂലി വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാത്രമല്ല സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 1994-ൽ എയർകോർപ്പറേഷൻ നിയമം റദ്ദാക്കിക്കൊണ്ട് വിമാന നിരക്ക് നിയന്ത്രണം എടുത്തുകളഞ്ഞിട്ടുള്ളതിനാൽ, വിമാന കമ്പനികൾക്ക് നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്ന മറുപടിയാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിരിക്കുന്നത്.

2. ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കാസർഗോഡ് ഫാഷൻ ഗോൾഡ് തട്ടിപ്പ് മാതൃകയിൽ എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ ഗോൾഡ് പാലസ് എന്ന സ്ഥാപനം നിക്ഷേപകരെ വഞ്ചിച്ച് അടച്ചുപൂട്ടിയിരിക്കുകയാണ്. ഗോൾഡ് പാലസിന് നാദാപുരം, പയ്യോളി എന്നിവിടങ്ങളിലും ശാഖകളുണ്ട്. ദിവസ പിരിവുവഴി പണം നിക്ഷേപിച്ച തൊഴിലുറപ്പ് തൊഴിലാളികൾ, ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന പ്രവാസികൾ, പെൺമക്കളുടെ കല്ല്യാണത്തിന് സ്വർണ്ണം വാങ്ങാനുദ്ദേശിച്ച് നിക്ഷേപിച്ചവർ, തുടർചികിത്സയ്ക്ക് പണം പ്രതീക്ഷിച്ച് നിക്ഷേപിച്ചവർ, ജീവിതത്തിലെ സർവ്വസ്വവും നിക്ഷേപിച്ചവർ, നിത്യനിദാന ചെലവിനുവേണ്ടി നിക്ഷേപിച്ചവർ എന്നിവരാണ് തട്ടിപ്പിന് ഇരയായിട്ടുള്ളത്. അഞ്ഞൂറോളം കുടുംബങ്ങൾ ഏറ്റവും വലിയ ദുരിതത്തിലേയ്ക്കാണ് തള്ളപ്പെട്ടിട്ടുള്ളത്. സ്ഥാപനത്തിലെ ആഭരണങ്ങൾ ആസൂത്രിതമായി ഉടമകൾ എടുത്തുമാറ്റുകയാണുണ്ടായത്. എടുത്തുമാറ്റിയ സ്വർണ്ണാഭരണങ്ങൾ

കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണം. ഉടമകൾ അവരുടെ നിക്ഷേപങ്ങളും സ്വത്തുക്കളും കൈമാറാൻ ശ്രമിക്കുന്നത് തടയാനുള്ള നടപടികളുണ്ടാകണം. സ്ഥാപന ഉടമകളുടെ സ്വത്തുക്കൾ കണ്ടുകെട്ടി ഇരകൾക്ക് നീതി ലഭ്യമാക്കണം. മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്വർണ്ണ വ്യാപാര സ്ഥാപനവുമായി ബന്ധപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുമെന്ന് വാഗ്ദാനം ചെയ്തശേഷം പണം തട്ടിയെടുക്കുന്ന രീതിയുണ്ട്. കാസർഗോഡ് കേന്ദ്രീകരിച്ചുള്ള ഫാഷൻ ഗോൾഡ് എന്ന സ്ഥാപനം ഇത്തരത്തിൽ തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിലായി 169 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 164 കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചാണ് നടത്തിവരുന്നത്. ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ച കുറ്റ്യാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗോൾഡ് പാലസ് ജ്വല്ലറി കുറ്റ്യാടി, നാദാപുരം, പയ്യോളി എന്നിവിടങ്ങളിൽ നിക്ഷേപകരിൽനിന്നും സ്വർണ്ണവും പണവും നിക്ഷേപമായി സ്വീകരിച്ച് അത് മടക്കി നൽകാതെ തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് 13 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിലെ നാല് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ഈ അന്വേഷണ ഘട്ടത്തിൽ നിയമപ്രകാരം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. കേസ് അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്.

3. ബിവറേജ് ഔട്ട് ലെറ്റുകൾ മാറ്റിസ്ഥാപിക്കൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ പ്രവർത്തിക്കുന്ന രണ്ട് ബെവ്കോ ഔട്ട്ലെറ്റുകൾമൂലം നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതിൽ ഒന്ന്, കൊട്ടിയം-കണ്ണനല്ലൂർ റോഡിലെ വാലിൽമുക്കിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യഷോപ്പാണ്. വർഷങ്ങളായി ഇരവിപുരം

മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന ഈ ഔട്ട്ലെറ്റ് എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്. അതിനെതിരെ നാട്ടുകാരുടെ വലിയ എതിർപ്പും ദീർഘകാലമായി സമരങ്ങളുമുണ്ടായിരുന്നു. ആ സമരങ്ങളെയെല്ലാം പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തി അത് സംഘടിപ്പിച്ചവർക്കെതിരെ കള്ളക്കേസ് ചുമത്തി ഈ ഔട്ട്ലെറ്റ് സ്ഥാപിക്കുകയാണുണ്ടായത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ്. രണ്ട് സ്കൂളുകൾ, രണ്ട് കശുവണ്ടി ഫാക്ടറികൾ, തഴുത്തല മഹാഗണപതി ക്ഷേത്രം, സെയിന്റ് ജോർജ്ജ് കുരിശ്ശടി, കണ്ണനല്ലൂർ മുസ്ലീം ജമാ-അത്ത്, തഴുത്തല ഖാദിസിയ ഇവയുടെയെല്ലാം സമീപത്തായിട്ടാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ഇവിടത്തെ റോഡിന് വീതി കുറവായതിനാൽ തിരക്കുകൂടുന്ന സമയത്ത് അപകടങ്ങളും മരണങ്ങളും പതിവായി മാറിയിരിക്കുകയാണ്. ജനങ്ങളാകെ വലിയ പ്രതിഷേധത്തിലാണ്. അതുപോലെതന്നെയാണ് കുണ്ടറ പെരുമ്പുഴ വെയർ ഹൗസ് കോമ്പൗണ്ടിലെ വിദേശ മദ്യഷോപ്പ്. അതും ജനവാസകേന്ദ്രത്തിന്റെ മധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. സമീപവാസികൾക്ക് പുറത്തേയ്ക്കിറങ്ങാൻപോലും സാധിക്കാത്ത

സാഹചര്യമാണ് അവിടെയുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ നാട്ടുകാരുടെ പ്രക്ഷോഭങ്ങളെയെല്ലാം പോലീസിനെ ഉപയോഗിച്ച് ഇല്ലാതാക്കി നിർബന്ധമായാണ് ഈ സ്ഥാപനം അവിടെ സ്ഥാപിച്ചിട്ടുള്ളത്. അതിനെതിരെ നാട്ടുകാർ കോടതിയെ സമീപിച്ചതിന്റെ ഭാഗമായി അവിടെ വരുന്ന വാഹനങ്ങൾ വീടുകൾക്ക് മുമ്പിൽ പാർക്ക് ചെയ്യരുത്, അത്തരം സംഭവങ്ങളുണ്ടാകരുതെന്ന കോടതി നിർദ്ദേശമുണ്ടായിട്ടുപോലും അത് പരിഗണിക്കാതെയാണ് ആ സ്ഥാപനം അവിടെ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ജനങ്ങൾക്കാകെ ബുദ്ധിമുട്ടും പ്രയാസവും സൃഷ്ടിക്കുന്ന ഈ രണ്ട് ബെവ്കോ ഔട്ട്ലെറ്റുകളും അവിടെനിന്ന് മാറ്റണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ കൊട്ടിയം ജംഗ്ഷന് സമീപത്തായി പ്രവർത്തിക്കുന്ന വിദേശമദ്യ ഔട്ട്ലെറ്റ്, ദേശീയ/സംസ്ഥാന പാതയോരത്ത് 500 മീറ്ററിനുള്ളിലായി മദ്യവിൽപ്പനശാലകൾ നിരോധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ 15-12-2016-ലെ ഉത്തരവിനെത്തുടർന്ന് തൃക്കോവിൽവട്ടം പഞ്ചായത്തിലെ തഴുത്തല ശ്രീ. വിൽസൺ പെരേര എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് 08-08-2017 മുതൽ പ്രവർത്തിച്ചുവരുന്നു. സമാനമായ രീതിയിൽ നേരത്തെ കുണ്ടറയിൽ പ്രവർത്തിച്ച കെ.എസ്.ബി.സി. ഔട്ട്ലെറ്റ് 2017 ആഗസ്റ്റ് മാസംമുതൽ പെരുമ്പുഴയിലേയ്ക്ക് മാറ്റിസ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നതാണ്. രണ്ട് ഔട്ട്ലെറ്റുകളും മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിൽ നിലവിലുള്ള അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന ദൂരപരിധികളിലാണ് പ്രവർത്തിക്കുന്നത്. രണ്ട് ഔട്ട്ലെറ്റുകളിലും മൂന്നും അതിലധികവും കൗണ്ടറുകൾ പ്രവർത്തിക്കുന്നതിനാൽ പ്രദേശത്ത് തിരക്കനുഭവപ്പെടാനുള്ള സാധ്യത വിരളമാണ്. മതിയായ പാർക്കിംഗ് സൗകര്യമുള്ളതിനാൽ പൊതുജനങ്ങൾക്കോ ഗതാഗതത്തിനോ തടസ്സമില്ലാതെയും പരാതിക്ക് ഇടമില്ലാതെയുമാണ് ഈ ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സമീപകാലത്തെ ഉത്തരവിന്റെയും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെയും പശ്ചാത്തലത്തിൽ എക്സൈസ് കമ്മീഷണർ

നിയോഗിച്ച ഉദ്യോഗസ്ഥതല സമിതി പ്രസ്തുത ഔട്ട്‌ലെറ്റുകളുടെ സ്ഥലവും കെട്ടിടവും പരിശോധിച്ചതിൽ ഈ ഔട്ട്‌ലെറ്റുകൾക്ക് മതിയായ സൗകര്യം ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ മാറ്റിസ്ഥാപിക്കേണ്ട ഷോപ്പുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള കാര്യവും അറിയിക്കുകയാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ഷോപ്പുകൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽനിന്നും മാറ്റിസ്ഥാപിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല.

4. ഗ്രീൻഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ്

ശ്രീ. പി. എസ്. സുപാൽ: സർ, കടമ്പാട്ടുകോണം-മധുര ഗ്രീൻ ഫീൽഡ് ഹൈവേയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ജനങ്ങളുടെ ആശങ്ക ദൂരീകരിക്കേണ്ടതുണ്ട്. വികസനം അനിവാര്യമായതിനാൽ അതിനെ പൊതുവെ ജനങ്ങൾ സ്വാഗതം ചെയ്യും. പുനലൂർ മണ്ഡലത്തിലെ ഏരൂർ, ആര്യങ്കാവ്, തെന്മല എന്നീ പഞ്ചായത്തുകളിലൂടെയാണ് ഈ ഹൈവേ കടന്നുപോകുന്നത്. ഏരിയൽ സർവ്വേ ഇപ്പോൾ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കല്ലുകളിട്ടപ്പോൾ അതിൽ ചില ആരാധനാലയങ്ങൾ ഉൾപ്പെടുകയാണ്, അതിനെ ബാധിക്കുന്ന

സ്ഥിതിയുണ്ടാകും. വിശ്വാസികൾക്ക് അക്കാര്യത്തിൽ ആശങ്കയുണ്ട്. ജനവാസ കേന്ദ്രത്തിലൂടെയാണ് ഈ പാത കടന്നുപോകുന്നതെന്നതിനാൽ ധാരാളം വീടുകൾ ഒഴിപ്പിക്കേണ്ട സ്ഥിതിയാണ് വരാൻപോകുന്നത്. ഇത് ആളുകൾക്ക് പ്രയാസകരമായ സാഹചര്യമാണ് വരുത്തുന്നത്. അലൈൻമെന്റിൽ ചില മാറ്റങ്ങൾ വരുത്തണമെന്നുള്ള ആവശ്യമുയർന്നുവരുന്നുണ്ട്. ചില ബദൽ നിർദ്ദേശങ്ങൾ വച്ചുകൊണ്ടാണ് അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തണമെന്നുള്ള തരത്തിൽ അവർ ആവശ്യപ്പെടുന്നത്. അതിന് സാധ്യതയുമുണ്ട്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കടുത്ത ആശങ്കയാണ് ആളുകൾക്കുള്ളത്. പതിവ് വസ്തു ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. അതുപോലെ, പട്ടയം കിട്ടാൻ അർഹതയുണ്ടായിട്ടും കിട്ടാത്ത ഭൂമി ഏറ്റെടുക്കുന്നുണ്ട്. അത് അവരുടെ കുഴപ്പംകൊണ്ടല്ല. പാത കടന്നുപോകുന്ന കേന്ദ്രങ്ങളിൽ പുറമ്പോക്കിൽ വർഷങ്ങളായി താമസിക്കുന്ന ധാരാളം ആളുകളുണ്ട്. അവരെയൊക്കെ ഇറക്കി വിടുമ്പോൾ നഷ്ടപരിഹാര തുക കിട്ടാതെ പോകുന്നത് നമുക്ക് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. അലൈൻമെന്റ് മാറ്റുന്ന വിഷയവും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട

ആശങ്കകളുമെല്ലാം ദൂരീകരിച്ച് പരിഹാരം കാണേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയാണ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതെന്ന് എല്ലാവർക്കും അറിയാം. ഇക്കാര്യം ഗൗരവമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അങ്ങ് വളരെ അനുഭാവപൂർവ്വമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. കൊല്ലം ജില്ലയിലെ കടമ്പാട്ടുകോണത്തുനിന്നും ആരംഭിച്ച് ചടയമംഗലം, പത്തടി, കുളത്തുപ്പുഴ, തെന്മല, ആര്യങ്കാവ്, ചെങ്കോട്ട വരെയുള്ള 58.915 കിലോമീറ്റർ ദൈർഘ്യമുള്ള

ചെങ്കോട്ട-കൊല്ലം എൻ.എച്ച്. 744 നാലുവരി പാതയാക്കി വീതികൂട്ടുന്നതിനുള്ള ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചുകൊണ്ടുള്ള 3 എ നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പുറപ്പെടുവിക്കുകയും ചെയ്തു. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി പരാതികൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് ഹൈവേ റോഡ് അലൈൻമെന്റ് മാറ്റുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്ഗരിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. അലൈൻമെന്റ് തയ്യാറാക്കുന്നത് ദേശീയ പാത അതോറിറ്റിയും അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ അതിന്റെ ചുമതല വഹിക്കുന്ന കേന്ദ്രസർക്കാരുമാണ്. അതുകൊണ്ടുതന്നെ കേന്ദ്രസർക്കാരാണ്

അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടത്. ബഹുമാനപ്പെട്ട അംഗത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും പരാതികളുടെ വിശദാംശം സർക്കാർ തലത്തിൽ അന്വേഷിച്ചിരുന്നു. പ്രാഥമികമായി ഇക്കാര്യം ന്യായമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അതിനാൽ അംഗം സഭയിൽ ഉന്നയിച്ച ആശങ്ക പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് തുടർനടപടികളുമായി മുന്നോട്ടുപോകും. അതോടൊപ്പം, അങ്ങ് ഇവിടെ സൂചിപ്പിച്ച, ഭൂമി നഷ്ടപ്പെട്ടവരുടെ പ്രശ്നവും ഗൗരവമായ വിഷയമാണ്. ഭൂമി ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച അലൈൻമെന്റിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടപടികൾ പരിശോധിച്ചശേഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ പ്രശ്നങ്ങൾ പരിഹരിച്ച് ആശങ്ക അകറ്റുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുകയും ചെയ്യും.

5. പുതിയ കോഴ്സുകൾ

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ തലമുറയ്ക്ക് കാർഷിക മേഖലയിൽ പരിജ്ഞാനം, യന്ത്രവത്കരണം, കാർഷികവൃത്തി എന്നീ ലക്ഷ്യത്തോടെ

സംസ്ഥാന സർക്കാരിന്റെ കീഴിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പിൽ സംസ്ഥാനത്തെ ആദ്യത്തെ ബയോ റിസോഴ്സ് കം-അഗ്രോ സർവീസ് സെന്റർ 7 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചു. തൊഴിൽരഹിതരും കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ളവരുമായ യുവതീ-യുവാക്കൾക്കുവേണ്ടി വിവിധ ഹ്രസ്വകാല കോഴ്സുകളുംമറ്റും ഈ സെന്ററിന്റെ കീഴിൽ നടത്തിവരുന്നു. ഈ സ്ഥാപനത്തിനുവേണ്ടി കേന്ദ്രസർക്കാരിന്റെ ഫണ്ടുകളുപയോഗിച്ച് അഞ്ചേക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് പഠിതാക്കൾക്കും പരിശീലനത്തിനെത്തിച്ചേരുന്നവർക്കും താമസിക്കാനും പഠിക്കാനും പരിശീലനം നൽകുന്നതിനുമാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ കെട്ടിടങ്ങളും ക്ലാസ്സ്മുറികളും പരിശീലന ഗ്രൗണ്ടും സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും സ്ഥാപനം പൂർണ്ണമായ രീതിയിൽ പ്രവർത്തനസജ്ജമായിട്ടില്ല. ഈ സ്ഥാപനം എത്രയും വേഗം പ്രവർത്തനസജ്ജമാക്കണമെന്നും ഭാഗികമായി പൂർത്തീകരിച്ച റോഡ് പ്രവൃത്തി

പൂർത്തീകരിക്കുന്നതിനും പുതിയ കോഴ്സുകളാരംഭിക്കുന്നതിനും കൂത്തുപറമ്പിൽ അനുവദിച്ച കാർഷിക യൂണിവേഴ്സിറ്റിയുടെ കാർഷിക പോളിടെക്നിക് ബയോ റിസോഴ്സ് കം-അഗ്രോ സർവ്വീസ് സെന്ററിന്റെ പണി പൂർത്തീകരിച്ച് കെട്ടിടത്തിലാരംഭിക്കുന്നതിനും നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1955- ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം ഭരണാവകാശമുള്ള സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ ചെറുവാഞ്ചേരി വില്ലേജിൽ സ്ഥാപിതമായിട്ടുള്ള ബയോ റിസോഴ്സ് കം-അഗ്രോ സർവ്വീസ് സെന്റർ. കർഷകർക്കും യുവാക്കൾക്കുമായി കൃഷിയിലെയും അനുബന്ധ മേഖലകളിലെയും വിവിധ വിഷയങ്ങളിൽ തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പിലാക്കുക, കർഷകർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് അറിവ് പകരുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ കേന്ദ്രാവിഷ്കൃതപദ്ധതിയായ ആർ.കെ.വി.വൈ-യിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയതിൽ മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂത്തുപറമ്പിലെ ചെറുവാഞ്ചേരി വില്ലേജിൽ അക്കാദമിക് കോംപ്ലക്സ്, ഹോസ്റ്റലുകൾ എന്നിവ ചേർന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം കൃഷിവകുപ്പിനുകീഴിലുള്ള കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി 19.02.2021-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 01.09.2014-ൽ അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യു അഡീഷൻ എന്ന വിഷയത്തിലും 27.05.2015-ൽ ആനിമൽ ന്യൂട്രീഷണൽ ഫീഡ് പ്ലാൻ ടെക്നോളജി എന്ന വിഷയത്തിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ ഈ സ്ഥാപനത്തിൽ ആരംഭിച്ചിരുന്നു. ഈ കോഴ്സുകളുടെ സിലബസ് രൂപീകരണം യഥാക്രമം കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാല എന്നിവരുമായി

കൂടിയാലോചിച്ചാണ് ചെയ്തിട്ടുള്ളത്. ഇക്കാലയളവിൽ 69 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽനിന്നും പഠിച്ചിറങ്ങിയെങ്കിലും കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഇവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. കോഴ്സുകളുടെ അംഗീകാരത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചിരുന്നെങ്കിലും അഗ്രികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കോഴ്സ് തുടങ്ങുന്നതിന്റെ സാധുത പരിശോധിക്കാൻ ആ വകുപ്പിന് കഴിയുന്നില്ല എന്നാണറിയിച്ചത്. ഇത് പരിഹരിക്കുന്നതിനായി ജി.ഒ.(എം.എസ്.) നം. 26/2021/അഗ്രി. എന്ന ഉത്തരവ് പ്രകാരം 13.02.2021-ൽ അഗ്രോ പ്രോസ്സസിംഗ് ആൻഡ് വാല്യൂ അഡീഷൻ രണ്ട് സെമസ്റ്റർ കോഴ്സ്, ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാൻ ടെക്നോളജി ഒരു സെമസ്റ്റർ കോഴ്സ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്താനും കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനും സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ കേരള കാർഷിക

സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടുകൂടി കോഴ്സുകൾ ഉയർന്ന നിലവാരത്തിൽ നടത്താനും കോഴ്സുകൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ (ASAP) ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം നിലവിലുള്ള കോഴ്സുകൾ തുടരുന്നതിനും ഈ കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നിലവിലുള്ള കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷംമാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമാവുകയുള്ളൂ എന്ന വിവരംകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

6.പോളിടെക്നിക് കോളേജ് ആയി ഉയർത്തൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മികച്ച ടെക്നിക്കൽ സ്കൂളാണ് പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ സ്കൂൾ. നിലവിൽ ആറ് ബാച്ചുകളിലായി 192 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുണ്ട്. അഞ്ച് ഏക്കറിലധികം സ്വന്തമായി ഭൂമിയും വിശാലമായ മൈതാനവും ഇവിടെയുണ്ട്. ഇവിടെനിന്നും മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് 40 കി.മീ ദൂരെ വെസ്റ്റ്ഹിൽ പോളിടെക്നിക് കോളേജ് മാത്രമാണ് ഏക ആശ്രയം. കടലോര മേഖലയിലെ സാധാരണക്കാരായവരുടെ മക്കളാണ് ഇവിടെ കൂടുതലായും പഠിക്കുന്നത്. കൊയിലാണ്ടി, വടകര, പേരാമ്പ്ര തുടങ്ങിയ മേഖലയിലുള്ള വിദ്യാർത്ഥികൾക്കും ഇവിടെ പോളിടെക്നിക് കോളേജ് വരുന്നത് വലിയ സഹായമാകും. ഈ കോളേജിനെ ടെക്നിക്കൽകോളേജായി ഉയർത്തുമ്പോൾ വലിയ രീതിയിലേയ്ക്കുള്ള സഹായമാണ് ഇവർക്കെല്ലാം കിട്ടുന്നത്. ഇതിനുവേണ്ടി

മുമ്പൊരു പ്രമേയം കൊടുക്കുകയും അതിനുവേണ്ടി വകുപ്പ് ഒരു പഠനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ഇത് കോളേജായി ഉയർത്തുന്നതിനുള്ള നടപടികളിൽ വലിയ പുരോഗതിയുണ്ടായിട്ടില്ല. ആയതിനാൽ ഭൗതിക സാഹചര്യങ്ങളേറെയുള്ള ഈ ടെക്നിക്കൽ ഹൈസ്കൂളിനെ ഒരു ഗവൺമെന്റ് പോളിടെക്നിക് കോളേജായി അനുവദിച്ചുതരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് കോളേജായി ഉയർത്തുന്നതിനുള്ള ഒരു നിർദ്ദേശം 2011-12 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം അന്ന് പരിശോധിക്കുകയും അന്നത്തെ സാഹചര്യത്തിൽ സർക്കാർ തലത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് 20.10.2012-ൽ സർക്കാർ തീരുമാനിക്കുകയും

ചെയ്തിരുന്നു. എന്നാൽ കൊയിലാണ്ടി മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് കോളേജായി ഉയർത്തുന്നതുസംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിനെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാരിന്റെ ധനസ്ഥിതികൂടി പരിഗണിച്ച് ഇക്കാര്യത്തിൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

7. <u>കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കായികവിദ്യാഭ്യാസം നമ്മളെ സംബന്ധിച്ചിടത്തോളം ആരോഗ്യകരമായ വിദ്യാഭ്യാസ പദ്ധതിക്ക് ആവശ്യമാണ്. പക്ഷേ ദൗർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി

സ്കൂളിലുമൊക്കെ കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നതിനുള്ള അവസരങ്ങൾ വളരെക്കുറവാണ്. അങ്ങ് ഇതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടാകുമെന്നു ഞാൻ കണക്കാക്കുകയാണ്. കായിക വിദ്യാഭ്യാസ രംഗവുമായി അടുത്ത ബന്ധമുള്ള വ്യക്തിയാണ് അങ്ങ്. ഇവിടെ വരുന്ന പ്രധാനപ്പെട്ട പ്രശ്നം, ഇപ്പോൾ 500 കുട്ടികളുള്ള ഒരു യു.പി സ്കൂളിൽ മറ്റുള്ള കാര്യങ്ങളുടെ അനുബന്ധമായി കായിക വിദ്യാഭ്യാസംകൂടി വച്ചിരിക്കുകയാണ്. അപ്പോൾ അവിടെ പീരിയഡ് വളരെക്കുറവാണ്. മാത്രമല്ല അവിടെ വരുന്ന ടീച്ചേഴ്സ് ക്വാളിഫൈഡായിട്ടുള്ളവരല്ല. ബി.എഡ്. പാസായിട്ടുള്ള ആളുകൾക്ക് കിട്ടാൻ സാധ്യതയുള്ള ജോലികളാണ് അതിൽ പലതും. പക്ഷേ അങ്ങനെയൊരു നിബന്ധന വയ്ക്കുന്നില്ല എന്നുള്ളത് നമ്മുടെ ശ്രദ്ധയിൽ വരാത്തൊരു കാര്യമാണ്. കെ.ഇ.ആർ. നിയമം 23 പ്രകാരം ചുരുങ്ങിയത് 500 കുട്ടികളുള്ള സ്ഥലത്താണ് യു.പി. വിഭാഗത്തിൽ ഒരു കായിക അദ്ധ്യാപകനെ വയ്ക്കുന്നത്. നമ്മുടെ തസ്തിക നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണം. കായികാദ്ധ്യാപക തസ്തിക നിർണ്ണയ മാനദണ്ഡത്തിന്റെ കാലോചിതമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി അങ്ങ് നേതൃത്വം കൊടുക്കണമെന്ന് ഞാൻ

ഓർമ്മിപ്പിക്കുകയാണ്. പുതുക്കിയ ടൈംടേബിൾ അനുസരിച്ച് യു.പി. വിഭാഗത്തിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് മൂന്ന് പീരിയഡാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ആ മൂന്ന് പീരിയഡ് കൊണ്ട് ഇവർക്ക് ഒന്നും ചെയ്യാൻ പറ്റില്ല. നമ്മുടെ ലക്ഷ്യമെന്താണ്? ഒളിമ്പിക്സിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പരിശീലനമാണ്. വിദേശരാജ്യങ്ങളിലെ കുട്ടികൾക്ക് ഫുഡ്ബോൾ പരിശീലനം നൽകാൻ അവിടെ **ഫുട്സാഡ്** എന്ന പുതിയ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നമ്മൾ അതിൽ നിന്നെല്ലാം പോയി. നമ്മുടെ സ്കൂളുകളിൽ ഡീസന്റായൊരു TURFF പോലുമില്ലാത്ത സ്ഥിതിയുണ്ടെന്ന് ഇപ്പോൾ പരിശോധനയിൽ അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളും കെട്ടിടങ്ങളുമൊക്കെ വച്ച് കഴിയുമ്പോൾ കോമ്പൗണ്ടിനെക്കുറിച്ച് ആലോചിക്കാറേയില്ല. അപ്പോൾ അവിടെ കോമ്പൗണ്ടുകളുണ്ടാകണം. അവിടെ കുട്ടികൾക്ക് ഓടിക്കളിക്കാൻ സൗകര്യമുണ്ടാകണം. അങ്ങനെ കുട്ടികൾക്കൊരു സാമൂഹികമായ ഇടപെടലിനുള്ള അവസരമുണ്ടാക്കണം. അതുണ്ടാകാതെ പോകുന്നതുകൊണ്ടാണ് പാലാ സെന്റ് തോമസ് കോളേജിലുണ്ടായതു

പോലെയുള്ള അനുഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുന്നത്. അതുണ്ടാകാതിരിക്കത്തക്കവിധത്തിൽ ഈ രംഗം ശാക്തീകരിക്കുന്നതിനുവേണ്ടി ശ്രമിക്കണം. അതിലൂടെ ഇന്ത്യയുടെ ഭാവിപോലും നിർണ്ണായകമായ രൂപത്തിലേയ്ക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയും. കേരളമാണ് ഇന്ത്യയിലെ കായികരംഗത്ത് ഏറ്റവും പ്രശസ്തമായി നിൽക്കുന്നൊരു സംസ്ഥാനം. ഇത് മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയണം. നമ്മുടെ നാഷണൽ ഗയിംസിൽ അങ്ങും ഉണ്ടായിരുന്നതാണ്. നാഷണൽ ഗയിംസിൽ 163 ഗോൾഡ് മെഡലും കേരളത്തിലെ കുട്ടികളാണ് നേടിയത്. കേരളത്തിലെ കുട്ടികൾക്ക് അവസരം കിട്ടിയാൽ അവർ നല്ല പെർഫോമൻസ് നടത്തുമെന്നതിന്റെ തെളിവാണ് ഇത്. അങ്ങും അതിന്റെ രക്ഷാധികാരികളിലൊരാളായിരുന്നു. കേരള ഫുട്ബോൾ അസോസ്സിയേഷനിൽ അങ്ങേയ്ക്കുള്ള സ്ഥാനം നന്നായി എനിക്കറിയാം. ഇതെല്ലാം വച്ചുകൊണ്ട് കായികവിദ്യാഭ്യാസത്തിനും കായികരംഗത്തിനും കൂടുതൽ പ്രശസ്തികൊടുക്കുന്ന രൂപത്തിലേയ്ക്ക് പുന:സംഘടിപ്പിക്കാൻ നടപടിയെടുക്കണം. കായിക അദ്ധ്യാപകർക്ക് ചില പ്രശ്നങ്ങളുണ്ട്. അവരെ വിളിച്ച് അങ്ങ് സംസാരിക്കണം. ശാന്തതയോടുകൂടി

അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിക്കൊടുക്കാൻ കഴിയണം. കേരളത്തിലെ കായികരംഗത്ത് ഏറ്റവും വലിയ നഴ്സറിയായി എടുക്കാൻ കഴിയുന്ന ഹൈസ്കൂളിലെ കായികരംഗം മെച്ചപ്പെടുത്തണം. പ്രധാനപ്പെട്ടൊരു പ്രശ്നം കൂടിയുണ്ട്. ഹയർ സെക്കണ്ടറി വന്നതോടുകൂടി ഇവിടെ കായിക അദ്ധ്യാപകരില്ല. പ്രീ-ഡിഗ്രി റീ-ലിങ്ക് ചെയ്ത് ഹയർ സെക്കണ്ടറിയായിമാറി. ഹയർ സെക്കണ്ടറിയിൽ ഇത്തരമൊരു സംവിധാനമില്ല. ആ അപാകത എങ്ങനെ പരിഹരിക്കാൻ പറ്റുമെന്നതിനെക്കുറിച്ച് ശാന്തതയോടുകൂടി ചിന്തിച്ച് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബഹുമാനപ്പെട്ട മുൻ കായിക വകുപ്പുമന്ത്രിയും നാഷണൽ ഗെയിംസ് നടത്തുന്നതിന്റെ നേതാവുമായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സ്കൂൾ വിദ്യാഭ്യാസത്തിൽ കായിക അദ്ധ്യാപകരുടെ പങ്കിനെക്കുറിച്ചും കായിക രംഗത്തെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സ്വീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണ്. അങ്ങ് ഉന്നയിച്ച കാര്യങ്ങളിൽനിന്ന് വ്യത്യസ്തമായൊരു അഭിപ്രായം ഗവൺമെന്റിനില്ലെന്ന കാര്യംകൂടി

വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം ആർ-4 പ്രകാരമുള്ള കാര്യം അങ്ങ് സൂചിപ്പിച്ചു. ഈ അദ്ധ്യായം ചട്ടം ആർ.ബി 2A പ്രകാരം ഒരു പൂർണ്ണ അപ്പർ പ്രൈമറി സ്കൂളിൽ 500- ലധികം കുട്ടികൾ പഠിക്കുന്ന സാഹചര്യത്തിൽ ഒരു കായിക അദ്ധ്യാപകന്റെ തസ്തിക അനുവദിക്കാവുന്നതാണ്. 3-7-1990 -ലെ സർക്കാർ ഉത്തരവ് പ്രകാരം കായിക വിദ്യാഭ്യാസത്തിൽ ഹയർ സെക്കണ്ടറിയിലെ ഒരു ബാച്ചിന് ആഴ്ചയിൽ രണ്ട് പിരീഡ് അനുവദിച്ചിട്ടുണ്ടെങ്കിലും കായിക അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചകാര്യമാണ്. ഹൈസ്കൂളിലെ കായിക അദ്ധ്യാപക തസ്തിക നിലനിർത്തുന്നതിന് ഈ പിരീഡ്കൂടി കണക്കിലെടുത്ത് 25-2-2015 -ലെ സർക്കാർ ഉത്തരവ് പ്രകാരം നിർത്തൽ ചെയ്യുകയുണ്ടായി. അപ്പർ പ്രൈമറി- ഹൈസ്കൂൾ കായിക അദ്ധ്യാപക തസ്തിക നിർണ്ണയ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് വെരിഫിക്കേഷൻ 6-12-2014 -ൽ പുറത്തിറക്കിയ വിജ്ഞാപന പ്രകാരം പ്രൈമറി ക്ലാസ്സുകളിലേയ്ക്ക് ഡിപ്ലോമ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും ഹൈസ്കൂൾ ക്ലാസ്സുകളിലേയ്ക്ക് B.P Ed (Bachelor of Physical

Education) ഹയർ സെക്കണ്ടറി ക്ലാസുകളിലേയ്ക്ക് Master in Physical Education-ഉം കായിക അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക അദ്ധ്യാപക തസ്തികകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാക്കുന്ന വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 8-7-2019 - ൽ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി മോശമാണെങ്കിലും തസ്തിക നിർണ്ണയ മാനദണ്ഡം പരിഷ്കരിക്കുന്ന വിഷയം അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് നമുക്ക് പരിഗണിക്കാൻ കഴിയുന്ന കാര്യമാണ്. യോഗ്യത പുതുക്കുന്ന വിഷയത്തിൽ എസ്.സി.ഇ.ആർ.ടി.- യുടെ റിപ്പോർട്ട് ലഭ്യമായത് പരിശോധിച്ചവേളയിൽ പ്രയോഗികതലത്തിൽ വരാവുന്ന ചില പ്രശ്നങ്ങൾ പരിശോധിച്ച് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് പ്രസ്തുത വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. ഈ വിഷയം ചർച്ചചെയ്യുന്ന അവസരത്തിൽ അങ്ങ് സബ്മിഷനിൽ പറഞ്ഞിരിക്കുന്ന കര്യങ്ങൾകൂടി ഉൾപ്പെടുത്താമെന്നുള്ള

കാര്യംകൂടി അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

8. റബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി ഫാക്ടറിയും സർക്കാർ ഏറ്റെടുക്കാൻ നടപടി

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ അടച്ചുപൂട്ടിയ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോട്ടയം ജില്ലയിൽ ഒരു കാലത്ത് ഏറ്റവും നന്നായി പ്രവർത്തിച്ചിരുന്നതും റബ്ബർ കൃഷിക്കാരുടെ മുഖ്യ ആശ്രയവുമായിരുന്ന കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് വർഷങ്ങളായി അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന പി.എൽ.സി ഫാക്ടറിയും ഇതിനോടൊപ്പം അടച്ചുപൂട്ടാൻ ഇടയായി. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിലും പി.എൽ.സി ഫാക്ടറിയിലും റബ്ബർപാൽ കൊടുത്തിരുന്ന കൃഷിക്കാരുടെയും ഡെപ്പോസിറ്റ് നൽകിയിരുന്ന സഹചാരികളുടെയും വളരെ വലിയ തുകയാണ് കൊടുത്തുതീർക്കാനുള്ളത്. പാവപ്പെട്ട കുടുംബങ്ങളുടെ

പ്രതീക്ഷകൾ തകർന്ന സാഹചര്യമാണ് ഇവിടെയുണ്ടായത്. ഡയറക്ടർ ബോർഡ് ഇല്ലാത്തതിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നെങ്കിലും ഫലപ്രദമായ യാതൊരു പരിഹാര നടപടിയും ഇതുവരെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടൽ മാത്രമാണ് പരിഹാരമായിട്ടുള്ളത്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഈ പ്രശ്നങ്ങളിൽ നേരത്തെ ഇടപെട്ടിട്ടുള്ള ജനനേതാവാണ്. ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങൾ വളരെ ഗുരുതരമാണ്. കൃഷിക്കാരുടെ റബ്ബർപാലും മറ്റ് റബ്ബർ ഉത്പന്നങ്ങളും നൽകിയ വകയിലും സംഘത്തിൽ പണം നിക്ഷേപിച്ചവരുടെ പണം തിരികെ കൊടുക്കാൻ കഴിയാതെ വന്നതുമൂലവും വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഈ സ്ഥാപനം സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമോയെന്നതാണ് ഒരാവശ്യമായി ഞാൻ ഉന്നയിക്കുന്നത്. കാർഷിക മേഖലയായ കടുത്തുരുത്തിയിലും പരിസര പ്രദേശങ്ങളിലുമുള്ള കർഷകരുടെ റബ്ബർ ഉത്പന്നങ്ങൾ ചൂഷണരഹിതമായി വിൽക്കുന്ന സാഹചര്യമാണ്

ഇവിടെയുണ്ടായിരുന്നത്. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി അടച്ചുപൂട്ടിയതോടെ ഈ സാഹചര്യമില്ലാതായി. ഇത് നാടിനും കൃഷിക്കാർക്കും നാട്ടുകാർക്കും വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. 3561 അംഗങ്ങളും 26 സംഘം ജീവനക്കാരും 70-ഓളം ഫാക്ടറി തൊഴിലാളികളും 100 കളക്ഷൻ ഏജന്റുമാരും സ്വന്തമായി 10 ഏക്കർ സ്ഥലമുണ്ടായിരുന്നതും നല്ല നിലയിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നതുമായ സ്ഥാപനം, ഭരണ സമിതിയുടെ കെടുകാര്യസ്ഥതകൊണ്ട് പ്രതിസന്ധിയിലായി ജനങ്ങൾ വെട്ടിലായിരിക്കുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. പല ഇടപെടലുകൾ നടത്തിയെങ്കിലും പരിഹാരമുണ്ടാകാത്ത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും ഗവൺമെന്റിന്റെ ശ്രദ്ധയിലും ഇക്കാര്യങ്ങൾ കൊണ്ടുവരുന്നത്. 13-7-2014 -ലാണ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഭരണ സമിതിയുടെ അവസാന തെരഞ്ഞെടുപ്പ് നടന്നത്. 20-5-2015 -ൽ ഭരണസമിതി പിരിച്ചുവിട്ടു. 17-7-2015 -ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി നിലവിൽ വന്നെങ്കിലും ഈ കമ്മിറ്റിക്ക് കാര്യമായി ഒരു പ്രവർത്തനവും നടത്താൻ കഴിയാതെപോയി.

ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി 20-5-2015 മുതൽ തുടർച്ചയായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെവച്ച് മുന്നോട്ട് പോകുന്നതുകൊണ്ട് സംഘത്തിന്റെ പ്രവർത്തനങ്ങളൊന്നും നടക്കാത്ത സ്ഥിതിയാണിന്ന് നിലവിലുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിക്ഷേപകരുടെ പണം തിരികെ നൽകാനോ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനോ യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ സ്ഥിതി പരിഹരിക്കുന്നതിന് ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടത്തി യഥാർത്ഥ റബ്ബർ കർഷകരുടെ കൈകളിൽ സംഘത്തെ ഏൽപ്പിക്കാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിന് കഴിയുന്നില്ലെങ്കിൽ വെള്ളൂർ എച്ച്. എൻ.എൽ ഗവൺമെന്റ് ഏറ്റെടുത്ത മോഡലിൽ കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയെയും പി.എൽ.സി ഫാക്ടറിയെയും സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയുമോ; ഇത് പ്രവർത്തനക്ഷമമാക്കാൻ കഴിയുമോയെന്നകാര്യം കൂടി പരിശോധിക്കണം.

അതിനും കഴിയുന്നില്ലെങ്കിൽ പല സ്ഥലങ്ങളിലും ചെയ്യുന്നതുപോലെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേതൃത്വം കൊടുത്ത് - കോട്ടയം ജില്ലയിൽ പല സ്ഥലത്തും കൺസോർഷ്യം രൂപീകരിച്ച് ഇത്തരത്തിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള മാതൃകാപരമായ നടപടികൾ ഉണ്ടായിട്ടുണ്ട് - അതുപോലെ കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കാര്യത്തിലും മാതൃകാപരമായൊരു ഇടപെടലിലൂടെ ഈ പ്രശ്നം പരിഹരിക്കുവാൻ ഗവൺമെന്റ് ആത്മാർത്ഥമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. കടുത്തുരുത്തിയിലെ റബ്ബർ കർഷകർക്ക് ആശ്വാസമാകുന്ന വിധത്തിലുള്ള സഹായ നടപടി സഹകരണവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഈ ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച പ്രശ്നം അദ്ദേഹവും ഞാനും മുമ്പ് ചർച്ച ചെയ്തിട്ടുള്ള പ്രശ്നങ്ങളാണ്. ആ വിഷയത്തിൽ

ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ ഇടപെട്ട് വസ്തുവകകൾ വിറ്റ് ഓഹരി ഉടമകൾക്കും നിക്ഷേപകർക്കും പണം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. സ്വാഭാവികമായും കോടതി വിധി മറികടക്കണമെങ്കിൽ ഓഹരി ഉടമകളെ വിളിച്ചുകൂട്ടി അതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മുൻകയ്യെടുത്ത് നിക്ഷേപകരുടെയും ഓഹരി ഉടമകളുടെയും അഭിപ്രായം തേടി -പാലായിൽ മീനച്ചിൽ സംഘം കൺസോർഷ്യം രൂപീകരിച്ചതുപോലെ- ഒരു കൺസോർഷ്യം രൂപീകരിച്ച് ഇതിന് പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കി, ആ പാക്കേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ എ. ജി. മുഖാന്തിരം അറിയിച്ച് കോടതി അനുമതിയോടുകൂടി മാത്രമേ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. ഇത് ഗവൺമെന്റ് ഏറ്റെടുക്കുകയെന്നത് അപ്രായോഗികമാണ്. പ്രയോഗികമായിട്ടുള്ളത് അവസാനം സൂചിപ്പിച്ച മീനച്ചിൽ സംഘം പുനർജ്ജീവിപ്പിച്ചതുപോലെ പ്രൈമറി സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചും ഒപ്പം നിക്ഷേപകരെ സമീപിച്ച് അവരുടെ ഡിമാന്റിനെ വാങ്ങിയെടുത്തും നിലവിലുണ്ടായിരുന്ന കളക്ഷൻ സെന്ററുകളും ആ രംഗത്ത് പ്രവർത്തിച്ചിരുന്ന തൊഴിലാളികളുമുൾപ്പെടെ പി.എൽ.സി

ഫാക്ടറിയിൽ തിരിച്ചുവന്ന് ജോലി ചെയ്യുവാനുള്ള സൗകര്യമുണ്ടാകുന്ന സ്ഥിതിയിലേക്കെത്തി. ഭാവിയിൽ ഇതിനൊരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് കോടതിയെ ആദ്യം ബോധ്യപ്പെടുത്തി അനുമതി വാങ്ങണം. അതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇടപെട്ട് എല്ലാ സഹായവും ചെയ്ത് പുനർജീവനത്തിനുവേണ്ടിയുള്ള കൺസോർഷ്യം രൂപീകരിക്കാൻ മുൻകയ്യെടുക്കാം അതിന് ഒരു യോഗം വിളിക്കാമെന്നാണ് പറയാനുള്ളത്.

9. കൗൺസലിംഗ്

ശ്രീ. യു. എ. ലത്തീഫ്: സർ, കഴിഞ്ഞ ഒന്നര-രണ്ട് വർഷക്കാലം പൂട്ടിയിട്ട വിദ്യാലയങ്ങൾ തുറക്കുകയാണ്. വിദ്യാർത്ഥികൾ മൊബൈൽ ഫോണിലൂടെ വേണ്ടതും വേണ്ടാത്തതുമായ പലകാര്യങ്ങളും നോക്കിക്കാണുകയുണ്ടായി. പക്ഷേ, അധ്യാപകരെ കണ്ടില്ല. അധ്യാപകരാണെങ്കിലോ വളരെക്കുറച്ച് സമയം മാത്രം ഓൺലൈനിൽ. വിദ്യാർത്ഥികളെ അവർ കാണുന്നില്ല. ഭൂരിഭാഗം രക്ഷിതാക്കൾക്കും എന്താണിവിടെ നടന്നത് എന്നുമറിയില്ല. അതുകൊണ്ട് മന്ത്രിമാർക്ക് ട്രെയിനിംഗ് നൽകിയതുപോലെ ഈ അധ്യപാകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസലിംഗ്

നൽകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതിനൊരു പ്രധാനപ്പെട്ട കാരണം, മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന നമ്മുടെ സംസ്ഥാനത്ത് നമ്മൾ ബഹുമാനിക്കുന്ന പാലാ ബിഷപ്പ് 'നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് എന്നൊക്കെ പറഞ്ഞ് മുസ്ലീം സമുദായത്തിന്റെ നെഞ്ചിൻകൂടിനുനേരെ വെടിവയ്ക്കുകയുണ്ടായി. ഈ കുട്ടികളും രക്ഷിതാക്കളുമൊക്കെ എല്ലാ ദിവസവും ടി.വി.-യും വാർത്താചാനലും കാണുകയാണ്. അവരുടെ മനസ് കളങ്കിതമാണ്, വിഷലിപ്തമാണ്. അതുകൊണ്ട് അവരുടെ മനസ്സിൽനിന്നും ഇതുമാറണം. ഒരു വലിയ ന്യൂനപക്ഷവിഭാഗത്തിനെതിരെ ഇന്ന് വർഗ്ഗീയവിഷം തുപ്പുന്ന ഈ രീതിയിലുള്ള പ്രസ്താവനകൾകൊണ്ട് ആർക്കാണ് ഗുണമുണ്ടായത്; അതിനെതിരെ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്; അന്ന് അദ്ദേഹം പറഞ്ഞു ഇവിടെ മുസ്ലീം ലീഗ്, മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം ഏറ്റെടുക്കേണ്ടതില്ലായെന്ന്. എന്നാൽ ഇപ്പോൾ എന്താണ് സ്ഥിതി; ഇവിടെ **പി.ഡി.പി.(People Democratic Party)** നേതാവ് തീവ്രവാദം പ്രസംഗിച്ചുവെന്നുപറഞ്ഞ് ഈ ഗവൺമെന്റ് അദ്ദേഹത്തെ പോലീസിന് പിടിച്ചുകൊടുത്തു. എത്രവർഷമായി അദ്ദേഹം ജയിലിലായിട്ട്.

ഇതൊരു തീവ്രവാദ പ്രസംഗമല്ലേ; എന്താണ് ആരുമൊരു നടപടിയെടുക്കാത്തത്; ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വാസവൻ അദ്ദേഹത്തിന്റെ അടുത്തുപോയിട്ട് പുറത്തുവന്ന് പറഞ്ഞത് 'That chaper is closed' എന്നാണ്. ഏതാണ് close ചെയ്ത chaper?

മി. ചെയർമാൻ: പ്ലീസ്........

ശ്രീ. യു. എ. ലത്തീഫ്: സർ, ഒരു സ്കൂളിലെ അധ്യാപകൻ ക്ലാസെടുക്കുന്ന ചാപ്റ്ററാണോ; ഒരുപാട് വിഷമമുണ്ടായിട്ടില്ലേ ഈ സമുദായത്തിന്? ഞാൻ വളരെ വേദനയോടെ ചോദിക്കട്ടേ ആർക്കും കയറി കൊട്ടാനുള്ള ചെണ്ടയാണോ മുസ്ലീംങ്ങൾ? എന്താണ് ലൗ ജിഹാദ്? ഞാൻ മലപ്പുറം ജില്ലയിൽ നിന്നുമാണ് വരുന്നത്. മലപ്പുറം ജില്ലയിൽ ഒരു മുനിസിപ്പൽ ചെയർപേഴ്സണെ, മുസ്ലിം സഹോദരിയെ ആ ജില്ലയിൽ ഏറ്റവും പ്രഗത്ഭനായ സി.പി.എം. നേതാവ് വിവാഹം കഴിക്കുകയുണ്ടായി. അത് ലൗ ജിഹാദ് ആണോ സർ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ വിഷയത്തിൽ നിന്നും വ്യതിചലിച്ചുപോകുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, **എന്റെ ഏറ്റവുമടുത്ത സ്നേഹിതനായ**

ബി.ജെ.പി. നേതാവ് മുസ്ലീം സ്ത്രീയെ വിവാഹം കഴിച്ചു. അത് ലൗ ജിഹാദാണ്. എത്രയെത്ര ക്രിസ്ത്യീയ സഹോദരങ്ങൾ ഇവിടെ മുസ്ലീം സ്ത്രീകളെ വിവാഹം കഴിച്ചു. അത് ലൗ ജിഹാദാണ്. അതുകൊണ്ടാണ് ഈ കളങ്കപ്പെട്ട മനസ്സുകളെ അവരിൽനിന്നും മാറ്റുന്നതിനുവേണ്ടി ഈ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും കൗൺസലിംഗ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ സബ്മിഷനിലൂടെ അതാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. യു. എ. ലത്തീഫ് എം.എൽ.എ. ഇവിടെ ഉന്നയിച്ച പലപ്രശ്നങ്ങൾക്കും വേറെ ചോദ്യം തന്ന് മറുപടി പറയേണ്ടതാണ്. അദ്ദേഹം അവസാനം കൺക്ലൂഡ് ചെയ്തുകൊണ്ട് പറഞ്ഞ കാര്യത്തിന് ഞാൻ മറുപടി പറയാം.

കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുന്നതുകാരണം കുട്ടികളിലും രക്ഷകർത്താക്കളിലുമുള്ള മാനസിക സംഘർഷവുമായി ബന്ധപ്പെട്ട് അദ്ദേഹം സൂചിപ്പിച്ചത് വളരെ സ്വാഗതാർഹമായ പ്രശ്നമാണ്. യഥാർത്ഥത്തിൽ അക്കാര്യം വളരെ ഗൗരവത്തോടുകൂടിതന്നെയാണ് ഗവൺമെന്റ് കാണുന്നത്.

മാനസിക സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹായമാകുംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസുകളുടെ ഭാഗമായി നടപ്പിലാക്കിവരികയാണ്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതിയിൽ മനഃശാസ്ത്രജ്ഞൻമാരുടെ സഹായം തേടുന്നു. അതോടൊപ്പം കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസുകളും ലഭ്യമാക്കുന്നു. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസുകൾകൂടി സംപ്രേഷണം നടത്തുന്നു. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഇപ്പോൾതന്നെ നടക്കുന്നു. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപറവകൾ' എന്ന പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നു. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിനെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം

ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി സ്കൂൾതലത്തിൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ് അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ബോധവൽക്കരണക്ലാസും നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യദിവസങ്ങൾ ഇത് സംബന്ധിച്ച ക്ലാസുകളും കുട്ടികൾക്ക് നൽകുന്നതാണെന്ന കാര്യംകൂടി അറിയിക്കുവാൻ ആഗ്രഹിക്കുയാണ്.

10. താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും ഗൗരവതരമായ ജനകീയ വിഷയമാണ് ആരോഗ്യരംഗത്തെ പിന്നോക്കാവസ്ഥ. ഭൂവിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ നിയോജകമണ്ഡലമാണ് പൂഞ്ഞാർ. പക്ഷേ,

പൂഞ്ഞാറിൽ ആരോഗ്യരംഗത്ത് സാമൂഹികാരാഗ്യകേന്ദ്രത്തിന് മുകളിലുള്ള ഒരു ആശുപത്രിയും പൊതു ആരോഗ്യരംഗത്തില്ല. സ്വകാര്യ ആരോഗ്യരംഗത്തും സൗകര്യങ്ങളുള്ള ആശുപത്രികളില്ല. നാല്പതിനായിരം ജനസംഖ്യയുള്ളതും ഏഷ്യയിലെതന്നെ ഏറ്റവുമധികം density of population ഉള്ള മുനിസിപ്പാലിറ്റിയാണ് ഈരാറ്റുപേട്ട. ഏഴര ചതുരശ്ര കിലോമീറ്ററിനുള്ളിൽ നാല്പതിനായിരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ എട്ട് ഗ്രാമപഞ്ചായത്തുകളുണ്ട്. ആ എട്ട് ഗ്രാമപഞ്ചായത്തുകളിലായി രണ്ട് ലക്ഷത്തോളം ജനസംഖ്യയുണ്ട്. ഈ രണ്ടരലക്ഷം ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസൗകര്യങ്ങൾക്ക് കോട്ടയത്തോ പാലായിലോ പേകേണ്ട സ്ഥിതിയാണ്. മീനച്ചൽ താലൂക്കിലാണ് ഈരാറ്റുപേട്ട. മീനച്ചൽ താലൂക്കിന്റെ താലൂക്കാശുപത്രി മുപ്പത് കിലോമീറ്റർ അകലെ കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. ഈരാറ്റുപേട്ടയിലെ കുടുംബാരോഗ്യകേന്ദ്രം **1957**-ൽ ആരംഭിച്ചതാണ്. ഗവൺമെന്റ് ഡിസ്പെൻസറിയായി ആരംഭിച്ച് 1990-ൽ പി.എച്ച്.സി ആയി പദവി ഉയർത്തി. പിന്നീട് 2018-ൽ എഫ്.എച്ച്.സി. ആയി. അവിടെ അത്യാവശ്യം

സ്ഥലസൗകര്യവും കെട്ടിടസൗകര്യവും മികച്ച ലാബ് സൗകര്യവുമുണ്ട്. ഏകദേശം മൂന്നൂറിലധികം രോഗികൾ പ്രതിദിനം അവിടെ ചികിത്സതേടി ഒ.പി.-യിൽ എത്തുന്നു. 30 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം അവിടെയുണ്ട്. അതിനാൽ അതൊരു താലൂക്കാശുപത്രിയുടെ പദവിയിലേയ്ക്ക് സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണമെന്ന ജനകീയവാശ്യവുമായി അവിടെയുള്ള ജനങ്ങൾ ആക്ഷൻ കൗൺസൽ രൂപീകരിച്ച് മുന്നോട്ടുവന്നിരിക്കുകയാണ്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2020-21 വർഷത്തെ ബഡ്ജറ്റിൽ 595-ാമത് ഐറ്റമായി താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ടോക്കൺപ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാന മൈനോരിറ്റി കമ്മിഷൻ ഒ.പി. 143/2017 പ്രകാരം 01-01-2019-ൽ ഇത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കേരളഹൈക്കോടതി 2073/2020 എന്ന റിട്ട് ഒ.പി. പ്രകാരവും ആ നിർദ്ദേശം സർക്കാരിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അവിടത്തെ ജനകീയവാശ്യം ആരോഗ്യമേഖലയിൽ

സാക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യവും പരിഗണിച്ച് ഈരാറ്റുപേട്ടയിലെ നിലവിലെ കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തി ആ പ്രദേശത്തെ ആരോഗ്യപിന്നാക്കവസ്ഥ പരിഹരിക്കുകയും രണ്ടരലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏറ്റവും വലിയ ജനകീയ ആവശ്യം നിറവേറ്റിത്തരണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിന് മുമ്പാകെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോട്ടയം ജില്ലയുടെ മലയോരമേഖലയായ ഈരാറ്റുപേട്ടയിൽ **1857**-ലാണ് ഗവൺമെന്റ് ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനം 1990-ൽ പന്ത്രണ്ട് കിടക്കകളോടുകൂടിയ പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയുണ്ടായി. ആശുപത്രിക്ക് ഒരേക്കർ എഴുപത്തിയഞ്ച് സെന്റ് സ്ഥലമാണുള്ളത്. മൂന്നൂറോളം രോഗികൾ ഒ.പി.-യിലും മുപ്പതോളം പേർ കിടത്തിചികിത്സാ വിഭാഗത്തിലും പ്രതിദിനം ചികിത്സതേടി

വരുന്നുണ്ട്. നല്ലൊരു ലാബ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിനെത്തുടർന്ന് ഇവിടെ ഓഫീസ് സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷൻ-1, ഫാർമസിസ്റ്റ്-1 എന്നിങ്ങനെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ അസിസ്റ്റന്റ് സർജൻ-4, ഫാർമസിസ്റ്റ്-2, സ്റ്റാഫ് നഴ്സ്-3 തുടങ്ങി 28 സ്ഥിരം ജീവനക്കാരുടെ തസ്തികളാണ് ഈ എഫ്.എച്ച്.സി.-യിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന ഡോക്ടർ-1, എൽ.എസ്.ജി.ഡി. മുഖേന സ്റ്റാഫ് നഴ്സ്-5 ഉൾപ്പെടെ 9 ജീവനക്കാർ എച്ച്.എം.സി. മുഖാന്തിരം 5 ജീവനക്കാർ എന്നിങ്ങനെ മൊത്തം 15 താല്ക്കാലിക ജീവനക്കാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്.

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ കോവിഡ് രോഗികളുടെ പരിപാലനം, ചികിത്സ എന്നിവ നടന്നുവരുന്നത് എഫ്.എച്ച്.സി. ഈരാറ്റുപേട്ടയുടെ നേതൃത്വത്തിലാണ്. ഈ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഒരു സി.എഫ്.എൽ.ടി.സി.-യും ഒരു

ഡി.സി.സി.-യും ഈരാറ്റുപേട്ട പട്ടണത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇതുകൂടാതെ കോവിഡ്-19 ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു ആശുപത്രിയെ തെരഞ്ഞെടുത്ത് പത്ത് കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് ക്രമീകരിക്കുകയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തത് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രമാണ്. ജനസാന്ദ്രത കൂടുതലുള്ള പ്രദേശമെന്ന നിലയിലും ഐസൊലേഷൻ വാർഡ് ക്രമീകരിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം ഉള്ളതിനാലുമാണ് ഈ സ്ഥാപനത്തിന് മുൻഗണന നൽകിയത്. ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്. ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് മീനച്ചിൽ താലൂക്കിലാണ്. ഇതേ താലൂക്കിൽ ഈ ആശുപത്രിയിൽനിന്ന് പന്ത്രണ്ട് കിലോമീറ്റർ അകലെ പാലാ ജനറൽ

ആശുപത്രി സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കുറവിലങ്ങാട് താലൂക്ക് ആശുപത്രിയും ഉഴവൂർ കെ.ആർ.നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയും മീനച്ചിൽ താലൂക്കിൽത്തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ഒരു ജില്ലയിൽ ഒരു ജില്ലാ ജനറൽ ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എല്ലാവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നയം. നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലം ഉൾപ്പെടുന്ന മീനച്ചിൽ താലൂക്കിൽ അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാടാണ് സ്ഥിതി ചെയ്യുന്നത്. കോട്ടയം ജില്ലയിലെ മലയോര പ്രദേശമായ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന

സൗകര്യവികസനത്തിനും ഈ ആശുപത്രിയിൽ മികച്ച ചികിത്സാ സൗകര്യമൊരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.